**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 176 | 12.02.2013-ൽ മറുപടിയ്ക്ക്

## കേസുകളുടെ പുനരന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി എൻ. കൃഷ്ണൻ നായർ<br>ശ്രീ. എളമരം കരീം<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെങ്കിലും പോലീസ് കേസുകളുടെ പുനരന്വേഷണ തീരുമാനത്തിന് പിന്നിൽ ഗൂഢാലോചനകൾ നടന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിയമപരമായി ആവശ്യമായി വന്നാൽ കേസുകളുടെ തുടർ അന്വേഷണം 173 (8) CrPC പ്രകാരം നടത്താവുന്നതാണ്. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലാണ് കേസുകൾ പുനരന്വേഷണം നടത്തുന്നത്. ആയതിനാൽ ആക്ഷേപത്തിൽ കഴമ്പില്ല. |
| (ബി) നീതിപീഠത്തിന്റെ സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമായ ഏതെങ്കിലും കേസുകൾ വർഷങ്ങൾക്കുശേഷം പുനരന്വേഷിക്കുന്നുണ്ടോ; എങ്കിൽ പുനരന്വേഷണത്തിന്റെ പിന്നിൽ ഗൂഢാലോചന എന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷിക്കുമോ ; | (ബി) അത്തരം കേസുകളുടെ പുനരന്വേഷണം നടന്നിട്ടില്ല. എന്നാൽ ചില കേസുകളുടെ തുടരന്വേഷണം നടത്തുന്നത് ഭരണ ഘടനയുടെ 20 (2) പ്രകാരമുള്ള വകുപ്പ് പ്രകാരവും CrPC 300 -ാം വകുപ്പ് പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ്. അതായത് ഒരു കേസിൽ കോടതി മുമ്പാകെ വിചാരണ നടന്ന കഴിഞ്ഞ് കോടതി വിധി പ്രസ്താവിച്ച കേസുകളിൽ ആ വിചാരണയിൽ ഉൾപ്പെട്ട പ്രതികളുടെ പേരിൽ പുതിയ ഒരു വിചാരണയും നടത്തുന്നില്ല. അതുകൊണ്ടുതന്നെ അത്തരം കേസുകളിൽ ഭരണഘടനയുടെ മേൽ വകുപ്പുകളും CrPC യിലെ മേൽ വകുപ്പ് പ്രകാരവും തുടരന്വേഷണം അസാദ്ധ്യമാണ്. എന്നാൽ മേൽ പറഞ്ഞ കേസുകളിൽ യഥാർത്ഥത്തിൽ പ്രതികളായിരുന്നിട്ടും ഏതെങ്കിലും കാരണവശാൽ അങ്ങനെ വിചാരണയിൽ നിന്നും ഒഴിവായ പ്രതികളെ തെളിവുകളുടെ അടിസ്ഥാനത്തിൽ തുടരന്വേഷണം നടത്തി വിചാരണ നടത്തേണ്ടതും, നീതിന്യായ |

വ്യവസ്ഥകൾക്ക്
വിധേയമാക്കേണ്ടതുമാണ്.
സത്യസന്ധമായ നീതിന്യായ വ്യവസ്ഥ
നിലനിർത്തുന്നതിന് ഇത്
അത്യാന്താപേക്ഷിതമാണ്.

(സി) പുനരന്വേഷണങ്ങൾ നടത്തിച്ച് രാഷ്ട്രീയ അഭിപ്രായവ്യത്യാസമുള്ളവരെ കരിനിഴലിൽ നിർത്തി രാഷ്ട്രീയലാഭം ഉണ്ടാക്കാൻ പോലീസിനെ ഉപയോഗപ്പെടുത്തുന്ന നടപടികളെ നിരുത്സാഹപ്പെടുത്തുമോ ?

(സി) തികച്ചും തെളിവിന്റെ അടിസ്ഥാനത്തിലും നീതിന്യായ വ്യവസ്ഥയുടെ അടിസ്ഥാനത്തിലും മാത്രമാണ് ഇത്തരം കേസുകളുടെ തുടരന്വേഷണം നടത്തുന്നത്. ക്രൂരമായ കൊലപാതകങ്ങൾ നടത്തി രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് പോലീസ് അന്വേഷണത്തിൽ നിന്നും രക്ഷപ്പെട്ടവരെ തുടരന്വേഷണം നടത്തി പിടികൂടി കോടതികളിൽ വിചാരണ നടത്തേണ്ടത് നീതിന്യായ വ്യവസ്ഥകളിൽ ജനങ്ങൾക്കുള്ള വിശ്വാസം നിലനിർത്തുന്നതിന് അത്യാവശ്യമാണ്. ആയതിനാൽ തന്നെ ഇത്തരം നടപടികൾ രാഷ്ട്രീയ ലാഭത്തിനു വേണ്ടിയല്ല. രാഷ്ട്രീയ ലാഭമുണ്ടാക്കാൻ പോലീസിനെ ഉപയോഗപ്പെടുത്താറില്ല.

സെക്ഷൻ ഓഫീസർ